**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2527** **13-09-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ ഘടകത്തിന്റെ അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി നിർമ്മാണ പ്രവൃത്തികളായ ജീവനോപാധി, ജലസംരക്ഷണം, സ്കൂൾ, അംഗൻവാടി എന്നിവയ്ക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മുൻതൂക്കം നൽകുന്നതിനായി മെറ്റീരിയൽ ഘടകത്തിന്റെ അനുപാതം 50:50 ആക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ വ്യവസ്ഥകൾ കേന്ദ്ര സർക്കാർ ആണ് നിശ്ചയിക്കുന്നത്. ആയത് പ്രകാരം വേതന- മെറ്റീരിയൽ ഘടകങ്ങളുടെ അനുപാതം 60:40 എന്നാണ്. |
| (ബി) | എങ്കിൽ ആയതിനായി കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | മെറ്റീരിയൽ ഘടക പ്രവൃത്തികൾ കൂടുതൽ ഏറ്റെടുക്കുകയാണെങ്കിൽ സ്കിൽഡ് ലേബർ ഇനത്തിൽ തൊഴിലാളികൾക്ക് കൂടുതൽ തുക വേതനമായി നൽകാനാവുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ? | (സി) | ഉണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ ചെയ്യുന്നതിന് ആവശ്യമായ വിദഗ്ധ, അർദ്ധ-വിദഗ്ധ തൊഴിലാളികൾക്ക് മാർക്കറ്റ് നിരക്ക് പ്രകാരമുള്ള വേതനം ലഭിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിലെ തന്നെ അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികൾ ആക്കുന്നതിനുള്ള പരിശീലന പരിപാടികൾ "മികവ്" പദ്ധതി പ്രകാരം തൊഴിലുറപ്പ് മിഷൻ കിലയുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ